പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 200 06.12.2018 ലെ മറുപടിക്ക്

## കയർ ഉത്പാദന മേഖലയിലെ നൂതന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ.എ.എം. ആരിഫ്<br>ശ്രീ. വി. ജോയി<br>ശ്രീ. പുരുഷൻ കടലുണ്ടി | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് കയർ ഉത്പാദന മേഖലയിൽ നടപ്പിലാക്കി വരുന്ന നൂതന പദ്ധതികൾ വ്യക്തമാക്കാമോ; | എ) കയർ മേഖലയിൽ നടപ്പിലാക്കി വരുന്ന നൂതന പദ്ധതിയാണ് രണ്ടാം പുന:സംഘടന പദ്ധതി.<br>പരമ്പരാഗത കയർ മേഖലയിലെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് സാങ്കേതിക വിദ്യയുടെ ഉചിതമായ വിന്യാസത്തിലൂടെയുള്ള കയർ മേഖലയുടെ നവീകരണമാണ് രണ്ടാം കയർ പുന: സംഘടനയുടെ ലക്ഷ്യം.<br><br>ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെൻററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെൻററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് ലഭ്യത ഉറപ്പാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും രണ്ടാം പുന:സംഘടന ലക്ഷ്യമിടുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുന:സംഘടിപ്പിക്കുന്നതും, രണ്ടാം പുന:സംഘടനയുടെ ഭാഗമാണ്.<br>രണ്ടാം കയർ പുന:സംഘടനയുടെ ഭാഗമായി ചകിരി ഉൽപാദനത്തിൽ നിർണ്ണായകമായ അളവ് സ്വാശ്രയത്വം ഉണ്ടാക്കുന്നതിനാണ് ഒരു പ്രധാന പരിശ്രമം. ഈ മേഖലയിൽ ഗണ്യമായ തോതിൽ മുന്നേറ്റത്തിന് തുടക്കമായിട്ടുണ്ട്. 50 പുതിയ ചകിരി മില്ലുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഈ സാമ്പത്തിക വർഷം തന്നെ കുറഞ്ഞത് മറ്റൊരു 50 ചകിരി മില്ലുകൾ കൂടി |

| | |
|---|---|
| | ആരംഭിക്കും. കയർപിരി മേഖലയുടെ നവീകരണത്തിനായി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചു തുടങ്ങി. ഉല്പാദനവും തൊഴിൽ സാഹചര്യങ്ങളും ഉയർത്തി ഈ മേഖലയെ നവീകരിക്കുകയാണ് ലക്ഷ്യം പരമ്പരാഗത കയർ പിരി തൊഴിലാളികളെ സംരക്ഷിക്കുന്നതിനൊപ്പം യന്ത്രാടിസ്ഥാനത്തിൽ കയർ പിരി മേഖല പുതിയ മുഖം കൈവരിച്ചു തുടങ്ങുകയാണ്.<br>ഉല്പന്ന വൈവിദ്ധ്യവൽക്കരണവും ആധുനിക വിപണന സംവിധാനങ്ങളുമാണ് മറ്റൊരു പ്രധാന ഘടകം. ഈ രംഗത്തുള്ള പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചിട്ടുണ്ട്. |
| ബി) നവീന സാങ്കേതിക വിദ്യയിലൂടെ കയർവ്യവസായത്തിൽ ആധുനികവത്കരണംസാധ്യമാക്കുന്നതി-നും ആവശ്യമായ അസംസ്കൃത വസ്തുക്കൾ ഉറപ്പാക്കുന്നതിനും കേരള കയർ മാർക്കറ്റിംഗ് കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br>സി) എങ്കിൽ ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ വ്യക്തമാക്കാമോ; | ബി)& സി)<br>കേരള കയർ മാർക്കറ്റിംഗ് കമ്പനിയുടെ പ്രധാന ലക്ഷ്യം കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര വിദേശ വിപണി വർദ്ധിപ്പിക്കുകയാണ്. ചകിരി ഉൽപ്പാദനത്തിൽ നിർണ്ണായകമായ മുന്നേറ്റത്തിന് തുടക്കമായിട്ടുണ്ട്. |
| ഡി) കയർ ഉത്പന്നങ്ങളുടെ വൈവിധ്യവത്കരണത്തിനും അവയ്ക്ക് പരമാവധി വിദേശവിപണി ഉറപ്പാക്കുന്നതിനും പ്രസ്തുത കമ്പനിയുടെ രൂപീകരണവുംപ്രവർത്തനങ്ങളുംഎങ്ങനെയെല്ലാംസഹായകമാകുമെന്ന് വിശദമാക്കാമോ; | ഡി) അസംസ്കൃത സാധനങ്ങൾ ആവശ്യമെങ്കിൽ വിദേശ രാജ്യങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനും കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര വിദേശരാജ്യങ്ങളിലെവിപണികൾവർദ്ധിപ്പിക്കുന്നതിന് കരാറുകളിൽ ഏർപ്പെടുന്നതിനും സംസ്ഥാനത്തെ കയർ ഉൽപ്പന്ന മേഖലയിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾക്ക് വർദ്ധിച്ച വിപണി കണ്ടെത്തുന്നതിനും കമ്പനിയ്ക്ക് കഴിയും. |
| ഇ) കമ്പനിയുടെ പ്രവർത്തന മൂലധനം എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ഇ) കേരള കയർ മാർക്കറ്റിംഗ് കമ്പനിയ്ക്ക് 10 കോടി രൂപയാണ് അംഗീകൃത ഓഹരി മൂലധനമായി സർക്കാർ ഉത്തരവായിട്ടുള്ളത്. പ്രവർത്തനമൂലധനം, രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചതിനു ശേഷം നിജപ്പെടുത്തുന്നതാണ്. |

9

സെക്ഷൻ ഓഫീസർ